പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3607 19/02/2013-ൽ മറുപടിക്ക്

## പി.എസ്.സി ഓൺലൈൻ പരീക്ഷ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പി.സി വിഷ്ണുനാഥ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി നടത്തുന്ന എഴുത്തുപരീക്ഷ ഓൺലൈനാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) പി.എസ്.സി വിവിധ തസ്തികകൾക്കായി നടത്തുന്ന തിരഞ്ഞെടുപ്പ് പ്രക്രിയ കൂടുതൽ ത്വരിതപ്പെടുത്തുക എന്നതാണ് ഓൺലൈൻ പരീക്ഷ നടത്തുന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) ഏതെല്ലാം തസ്തികയിലേക്കാണ് ഓൺലൈൻ പരീക്ഷ നടത്താനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഏറ്റവും കുറവ് ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്നതും സാങ്കേതിക യോഗ്യത ഉള്ളതുമായ പ്രധാന തസ്തികകളിലേയ്ക്കാണ് ആദ്യഘട്ടമെന്ന നിലയിൽ ഓൺലൈൻ പരീക്ഷ നടതതുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിന് മറ്റു സംസ്ഥാനങ്ങളിലുള്ള സമാന രീതികൾ നിരീക്ഷിച്ച് വിലയിരുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (സി) Staff Selection Commission, Rajasthan PSC, IBPS (Mumbai) എന്നീ സ്ഥാപനങ്ങൾ 3 കമ്മീഷൻ അംഗങ്ങൾ സന്ദർശിക്കുകയും ഓൺലൈൻ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട പഠനം നടത്തി റിപ്പോർട്ട് കമ്മീഷന് സമർപ്പിച്ചിട്ടുമുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഡിയും ഇയും) പ്രസ്തുത റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ച് ഓൺലൈൻ പരീക്ഷാ |

(ഇ) പ്രസ്തുത പരീക്ഷകളുടെ ഫലം എത്ര ദിവസത്തിനകം പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

നടത്തിപ്പിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് C-Dit എന്ന സ്ഥാപനത്തെ Software development-നായി നിയോഗിക്കുകയും തുടർന്ന് 22-12-12-ൽ ഒരു Mock test വിജയകരമായി നടത്തുകയും ചെയ്തു. പ്രസ്തുത ടെസ്റ്റിനെ തുടർന്ന് C-Dit സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ